THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| | | |
|---|---|---|
| **DATE – 25-10-2022**<br>**GRADE- VIII** | **TERM-1 [2022-23]**<br>**MALAYALAM** | **Max marks- 40**<br>**Time – 2 Hour** |

**1.ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (8 x 1 = 8)**

ഭക്ഷണം, വസ്ത്രം, വീട് മുതലായവയാണ് മനുഷ്യൻെറ അടിസ്ഥാനാവശ്യങ്ങൾ എന്നത്രേ നാം കരുതാറുള്ളത്. പക്ഷേ ഇവയെല്ലാമുണ്ടെങ്കിലും സ്നേഹവും സുരക്ഷിതത്വബോധവും ഇല്ലെങ്കിൽ ജീവിതം നരകമായിത്തീരുമെന്ന് അൽപം ആലോചിച്ചാൽ നമുക്കു മനസ്സിലാകും. സ്നേഹത്തിനുവേണ്ടിയുള്ള ദാഹം എല്ലാവർക്കുമുണ്ട്. ശിശുക്കൾക്കും യുവജനങ്ങൾക്കും വൃദ്ധജനങ്ങൾക്കും ഒരുപോലെ ആവശ്യമുള്ള വൈകാരികഘടകങ്ങളിൽ സർവപ്രധാനമായിട്ടുള്ളതാണ് സ്നേഹം. മറ്റുള്ളവരെ വിദ്വേഷിക്കുന്നവർപോലും മറ്റുള്ളവർ തങ്ങളെ സ്നേഹിക്കണമെന്ന് ആഗ്രഹിക്കുന്നു. സ്നേഹം നിഷേധിക്കപ്പെടുന്ന സ്ഥലത്തിനാണ് നരകം എന്നു പറയുന്നത്. അവിടെയാണ് അരക്ഷിതത്വബോധം രൂഢമൂലമാകുന്നത്. അരക്ഷിതത്വബോധമാണ് ആധുനിക നാഗരികതയെ വീർപ്പുമുട്ടിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. സ്നേഹം നിഷേധിക്കപ്പെടുന്ന സ്ഥാനത്ത് മനുഷ്യൻ മനുഷ്യനോടുള്ള കടമകൾ നിറവേറ്റുന്നതിൽ വിമുഖത കാണിക്കുന്നു. അവിടെ വിദ്യുച്ഛക്തി നിലയ്ക്കും. ബസ്സുകൾ പണിമുടക്കും. ഭക്ഷണസാധനങ്ങൾ പൂഴ്ത്തിവയ്ക്കപ്പെടും. കൊള്ളണമെന്നല്ലാതെ കൊടുക്കണമെന്നുള്ള ചിന്ത ഉണ്ടായിരിക്കുകയില്ല. ഇതെല്ലാം കലികാലത്തിൻെറ ലക്ഷണങ്ങളായി ആചാര്യന്മാർ വിവക്ഷിച്ചിട്ടുണ്ട്. മനുഷ്യൻെറ മൗലികമായ ആവശ്യം – സ്നേഹം – നിഷേധിക്കപ്പെടുന്നതിൻെറ പരിണിതഫലമാണ് അരക്ഷിതത്വബോധമെന്നു സൂചിപ്പിച്ചല്ലോ. കലികാലത്തിൻെറ മറ്റൊരു സംഭാവനയാണത്. മനുഷ്യന് ആവശ്യമുള്ളതിൽ വച്ച് ഏറ്റവും പ്രാധാന്യമർഹിക്കുന്നത് സ്നേഹമാണെന്ന് ഫ്രോയ്ഡ് പറയുമ്പോൾ,

ജംഗ് പറയുന്നത് മനുഷ്യനു സുരക്ഷിതത്വബോധമാണു വേണ്ടതെന്നത്രേ. ഇതു രണ്ടും ശരിയാണ്. സുരക്ഷിതത്വബോധമില്ലെങ്കിലും മനുഷ്യജീവിതം നരകതുല്യമായിത്തീരും. രണ്ടുകാലും നഷ്ടപ്പെട്ട നോർമൻ ക്രൗച്ചർ എന്നൊരു മനുഷ്യൻ തൻെറ മുറിക്കാലിൽ വച്ചുപിടിപ്പിച്ച കൃത്രിമക്കാലോടുകൂടി ആൽപ്സ് പർവതത്തിൻെറ കൊടുമുടിയിൽ കയറിയ സംഭവം പീറ്റർ ബ്രൗണി എന്ന എഴുത്തുകാരൻ റീഡേഴ്സ് ഡൈജസ്റ്റിൽ എഴുതിയിട്ടുണ്ട്. രണ്ടു കാലും നഷ്ടപ്പെട്ട ക്രൗച്ചർ അരക്ഷിതബോധത്തിൻെറ പിടിയിലമർന്നിരിക്കാൻ തയാറായില്ല. 3970 മീറ്റർ ഉയരമുള്ള കടുംതൂക്കായ കൊടുമുടിയിൽ അള്ളിപ്പിടിച്ചു കയറിയ ക്രൗച്ചർ തൻെറ ജീവിതമേഖലയുടെ വ്യാപ്തി വർദ്ധിപ്പിച്ചു. നമ്മുടെ ജീവിതത്തിലെ കടുംതൂക്കായ കൊടുമുടികളിൽ അള്ളിപ്പിടിച്ചു കയറുന്നതിന് നാം ജീവിത തത്ത്വശാസ്ത്രം സ്വീകരിച്ചേ തീരൂ.

**ചോദ്യങ്ങൾ**

(a) രണ്ടുകാലും നഷ്ടപ്പെട്ട നോർമൻ ക്രൗച്ചർ എന്നൊരു മനുഷ്യൻ തൻെറ മുറിക്കാലിൽ വച്ചുപിടിപ്പിച്ച കൃത്രിമക്കാലോടുകൂടി ആൽപ്സ് പർവതത്തിൻെറ കൊടുമുടിയിൽ കയറിയ സംഭവം റീഡേഴ്സ് ഡൈജസ്റ്റിൽ വിവരിച്ച എഴുത്തുകാരൻ

(ഫ്രോയ്ഡ്, നോർമൻ ക്രൗച്ചർ, പീറ്റർ ബ്രൗണി, യുങ്)

(b) സ്നേഹം നിഷേധിക്കപ്പെടുന്ന സ്ഥാനത്ത് മനുഷ്യൻ മനുഷ്യനോടുള്ള കടമകൾ നിറവേറ്റുന്നതിൽ

(സന്തോഷിക്കുന്നു, പരാജയപ്പെടുന്നു, ഖേദിക്കുന്നു, വിമുഖത കാണിക്കുന്നു)

(c) ജീവിതം നരകമായിത്തീരുന്നത്

(സ്നേഹവും സന്തോഷവും ഇല്ലെങ്കിൽ, സന്തോഷവും സമാധാനവും ഇല്ലെങ്കിൽ, സ്നേഹവും സുരക്ഷിതത്വബോധവും ഇല്ലെങ്കിൽ, സുരക്ഷിതത്വബോധവും സമാധാനവും ഇല്ലെങ്കിൽ)

(d) ശിശുക്കൾക്കും യുവജനങ്ങൾക്കും വൃദ്ധജനങ്ങൾക്കും ഒരുപോലെ ആവശ്യമുള്ള വൈകാരികഘടകങ്ങളിൽ സർവപ്രധാനമായിട്ടുള്ളത്

(സുരക്ഷിതത്വബോധം, സ്നേഹം, സമാധാനം, സന്തോഷം)

(ജംഗ്, ഫ്രോയ്ഡ്, യുങ്, ക്രൗച്ചർ)

(f) സ്നേഹം നിഷേധിക്കപ്പെടുന്ന സ്ഥലമാണമാണ്

(ഭൂമി, യുദ്ധം, ചിന്ത, നരകം)

(g) മനുഷ്യന് ആവശ്യമുള്ളതിൽ വച്ച് ഏറ്റവും പ്രാധാന്യമർഹിക്കുന്നത് സ്നേഹമാണെന്ന് പറഞ്ഞതാര്?

(ജംഗ്, ഫ്രോയ്ഡ്, യുങ്, ക്രൗച്ചർ) (h) ആധുനിക നാഗരികതയെ വീർപ്പുമുട്ടിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമേത്?

(അരക്ഷിതത്വബോധം, സുരക്ഷിതത്വബോധം, അസമാധാനം, നിരാശ)

2. ശരിയുത്തരം എടുത്തെഴുതുക. (1 x 10 = 10)

a. 'ചെമ്മേ' എന്നർത്ഥം വരുന്ന പദം ഏത് ?
( മനോഹരം, കാഴ്ച, ദുഃഖം, വീട് )

b. 'പാല് ' എന്ന പദത്തിന്റെ രണ്ട് പര്യായപദങ്ങൾ എട്ടത്തെഴുതുക
( പാല്, ദുഗ്ദ്ധം, മാനം, ക്ഷീരം)

c. ദിക്ക്- ആഗ്രഹം എന്നീ നാനാർത്ഥങ്ങൾ വരുന്ന പദം ഏത് ?
(ദിശ, പശ, വശം, ആശ)

d. പൂർണ്ണം എന്ന പദത്തിന്റെ വിപരീതം ഏത് ?
(അപൂർണ്ണം, പരിപൂർണ്ണം, വിപൂർണ്ണം)

e. 'മാല' എന്ന പദത്തിന്റെ നാനാർത്ഥം ഏത് ?
( ഗ്രഹം, ഗൃഹം, കൂട്ടം, വീട് )

f. സ്വർണ്ണം എന്നർത്ഥം വരാത്ത വാക്ക് ?
( പൊന്ന്, ചികുരം, കാഞ്ചനം, കനകം)

g. പ്രാചീന കവിത്രയത്തിൽ ഉൾപ്പെടാത്ത കവി ?
( തുഞ്ചൻ, കുഞ്ചൻ, ആശാൻ,ചെറുശ്ശേരി )

h. നാഗം - നാകം എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക.
( സ്വർഗം, പാമ്പ്, തളിക, പത്രം)

i. 'ഇവ്വണ്ണം' എന്നപദത്തിന്റെ ശരിയായ അർത്ഥം ഏത് ?
( ഇങ്ങനെ, ഇപ്രകാരം, അപ്രകാരം, വീണ്ടും)

j. പെരുമ്പടവം ശ്രീധരന്റേത് അല്ലാത്ത കൃതിയേത് ?
( ഒരു സങ്കീർത്തനം പോലെ, അഭയം, മാമ്പഴം, അഷ്ടപതി)

**3. a. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2x2=4)**

i. ചീർത്തൊരു ii) താരാട്ടാലാപംണ്

**b. പദം വിഗ്രഹിക്കുക** **(1x4=4)**

i. ആലോലവായു ii. ഗിരീശൻ iii. പുതുനിലാവ് iv. ഗിരീശൻ

**c. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **( 2x2=4)**

i. സന്തോഷത്തോടുകൂടി അത് അമ്മയ്ക്ക് കാണിച്ചു കൊടുത്തു.

ii. അയൽവാസികൾക്കെല്ലാം ആ കുട്ടിയെ വളരെ ഇഷ്ടമാണ്.

**d. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(1x2=2)**

i. യോസേഫും മറിയവും പറയുന്നത് അണുപോലും പിഴക്കാതെ തെറ്റാതെ യേശു അനുസരിക്കും.

ii. ഒന്നോ രണ്ടോ സമയം നിമിഷം കഴിഞ്ഞ് അകത്തെ നിശബ്ദതയിൽ കാൽപെരുമാറ്റം കേട്ടു.

**4. ഒറ്റവാക്കിൽ ഉത്തരം എഴുതുക** **(1x4=4)**

i. വീണപൂവ് എന്ന കവിത രചിച്ചതാര് ?

ii. രാത്രി ജനലിന്നരികെ നിന്ന് യേശു എന്താണ് കേട്ടിരുന്നത് ?

iii. എഴുത്തച്ഛൻ അറിയപ്പെട്ടിരുന്നത് ഏതെല്ലാം പേരുകളിലാണ് ?

iv. ദൈവത്തിന്റെ കൈയൊപ്പ് എന്ന പാഠഭാഗം ഏത് നോവലിൽ നിന്നും എടുത്തതാണ് ?

**5. ഉത്തരം എഴുതുക** **(2x2=4)**

i. "ഒരു വിദ്യാർത്ഥിയുടെ ഭാവം പൂവിൽ കവി സങ്കൽപിച്ചിട്ടുണ്ട്" - വിവരിക്കുക.

ii. എഴുത്തച്ഛന്റെ രചനകളുടെ അടിസ്ഥാന ലക്ഷ്യം എന്തായിരുന്നു ?